"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശ്രീ.സായി ശ്യാം കെ.പി., ശ്രീ.കൃഷ്ണ ശർമ്മ ആർ. എന്നിവർ ഫയൽ ചെയ്ത യഥാക്രമം 10829/2025, 44007/2024 നമ്പർ റിട്ട് പെറ്റീഷനുകളിൽ 20.03.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3743/2025/GEDN തീയതി,തിരുവനന്തപുരം, 09-06-2025

---

പരാമർശം:-

1. ശ്രീ. സായി ശ്യാം കെ.പി സർക്കാരിൽ സമർപ്പിച്ച 24/2/2025ലെ റിവിഷൻ പെറ്റിഷനും 30/4/2025ലെ ഹിയറിംഗ് നോട്ടും
2. ശ്രീ. കൃഷ്ണ ശർമ. ആർ. സർക്കാരിൽ സമർപ്പിച്ച 1/3/2025ലെ റിവിഷൻ പെറ്റിഷനും 30/4/2025ലെ ഹിയറിംഗ് നോട്ടും
3. 10829/2025, 44007/2024 നമ്പർ റിട്ട് പെറ്റിഷനുകളിൽ 20.03.2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
4. കുട്ടനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 3/5/2025ലെ DEOKTD/41/2025 നമ്പർ ഹിയറിംഗ് റിപ്പോർട്ട്
5. ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 5/5/2025ലെ B2/207/2025/DDE നമ്പർ ഹിയറിംഗ് റിപ്പോർട്ട്
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 5/5/2025ലെ EC1/8628/2025/DGE നമ്പർ ഹിയറിംഗ് നോട്ട്

**<u>ഉത്തരവ്</u>**

ശ്രീ.സായി ശ്യാം കെ.പി., ശ്രീ.കൃഷ്ണ ശർമ്മ ആർ. എന്നിവർ ഫയൽ ചെയ്ത യഥാക്രമം 10829/2025, 44007/2024 നമ്പർ റിട്ട് പെറ്റീഷനുകളിൽ 20.03.2025 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാർ സർക്കാരിൽ സമർപ്പിച്ച എക്സിബിറ്റ് പി15, എക്സിബിറ്റ് പി12 റിവിഷൻ ഹർജികൾ, ഹർജിക്കാർ, ബന്ധപ്പെട്ടവർ എന്നിവരെ കേട്ട്, വിധിപ്പകർപ്പ് കിട്ടി നാല് മാസത്തിനകം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 06.05.2025 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ഹർജിക്കാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് വേളയിൽ ചുവടെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു.

**ശ്രീ.സായി ശ്യാം കെ.പി.യുടെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്**

4. തകഴി ദേവസം ബോർഡ് ഹൈസ്കൂളിൽ എഫ്.റ്റി.എം. ആയിരുന്ന ശ്രീ.ഹരിശങ്കർ ഓഫീസ് അറ്റൻഡന്റ് ആയി പ്രമോഷൻ ആയ ഒഴിവിൽ 4.10.2021 മുതൽ തിരുവിതാംകൂർ ദേവസം ബോർഡ് മാനേജർ നിയമിച്ചെങ്കിലും പ്രസ്തുത പ്രൊമോഷൻ അംഗീകരിക്കപ്പെട്ടിട്ടില്ല എന്ന കാരണത്താൽ തന്റെ എഫ്.റ്റി.എം. നിയമനം കുട്ടനാട് ഡി.ഇ.ഒ നിരസിച്ചു.

5. ഇതിന് ശേഷം സ്കൂൾ മാനേജരുടെ ഉത്തരവ് പ്രകാരം ചങ്ങൻകിരി ഡി.ബി.യു.പി.എസ്.ലെ ട്രാൻസ്ഫർ ഒഴിവിൽ 20/06/2023 മുതൽ ഓഫീസ അറ്റൻഡന്റ് ആയി പ്രൊമോഷനോട് കൂടി ട്രാൻസ്ഫർ ചെയ്യപ്പെട്ടു. എന്നാൽ , സ്കൂളിൽ മതിയായ എണ്ണം കുട്ടികളില്ല എന്നതിനാൽ നിയമനം സംരക്ഷിത അധ്യാപകരെ കൊണ്ട് നികത്തുകയോ ദിവസ വേതനത്തിൽ നിയമനം നടത്തുകയോ വേണം എന്ന കാരണത്തൽ തലവടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി പ്രമോഷൻ നിയമനം നിരസിച്ചു.

6. തന്റെ രണ്ട് നിയമനങ്ങളും നിരസിക്കപ്പെട്ടത് നീതീകരിക്കാൻ കഴിയില്ല. ആയതിനാൽ 4.10.2021 മുതലുള്ള എഫ്.റ്റി.എം. തസ്തികയിലെയും 20/06/2023 മുതലുള്ള ഓഫിസ് അറ്റൻഡന്റ് തസ്തികയിലേയും നിയമനങ്ങൾ അംഗീകരിച്ച് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്നാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത്.

**ശ്രീ. കൃഷ്ണ ശർമ്മ ആർ.-ന്റെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്.**

7. ദേവസ്വം ബോർഡ് സ്കൂളുകളിലേയ്ക്കുള്ള റാങ്ക് പട്ടികയിൽ പത്താമനായ തനിക്ക് തകഴി ദേവസ്വം ബോർഡ് ഹയർ സെക്കൻഡറി സ്കൂളിലെ എഫ്.റ്റി.എം ആയിരുന്ന ശ്രീ.സായി ശ്യാം കെ.പി.യെ 20/06/2023 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റംകിട്ടി സ്ഥലംമാറ്റി നിയമിച്ച ഒഴിവിൽ 20/06/2023 മുതൽ തുടർച്ചയായി നിയമിച്ചു. എന്നാൽ ശ്രീ.സായി ശ്യാമിന്റെ പ്രൊമോഷൻ നിയമനം അംഗീകരിച്ചില്ല, ഭിന്നശേഷി സംവരണം പാലിച്ചില്ല എന്നീ കാരണങ്ങളാൽ കുട്ടനാട് ഡി.ഇ.ഒ ടി നിയമനം അംഗീകരിച്ചില്ല.

8. 20/06/2023 മുതൽ തുടർച്ചയായി ശമ്പളമില്ലാതെയാണ് താൻ ജോലി ചെയ്തുവരുന്നതെന്നും സമാനമായ കേസ്സുകളിൽ ഹർജ്ജിക്കാർക്ക് അനുകൂലമായ തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ആയതിനാൽ തന്റെ 20/06/2023 മുതലുള്ള എഫ്.ടി.എം തസ്തികയിലെ നിയമനാം അംഗീകരിക്കാൻ നടപടി സ്വീകരിക്കണമെന്നുമാണ് ശ്രീ.കൃഷ്ണ ശർമ്മ ആവശ്യപ്പെട്ടിട്ടുള്ളത്.

**ഹർജ്ജിക്കാരുടെ നിയമനങ്ങളെപ്പറ്റി വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ഇപ്രകാരമാണ്**

*A. ശ്രീ സായി ശ്യാം* കെ.പി.

9. തകഴി ദേവസ്വം ബോർഡ് ഹയർ സെക്കൻഡറി സ്കൂളിലെ ഫുൾ ടൈം മീനിയൽ ആയിരുന്ന ശ്രീ.ഹരിശങ്കർ പി. ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിൽ ശ്രീ സായി ശ്യാം കെ.പി.യെ 04/10/2021 മുതൽ തുടർച്ചയായി മാനേജർ നിയമിച്ചു. എന്നാൽ പ്രസ്തുത നിയമനം ശ്രീ.ഹരിശങ്കർ പി.യുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ച് ഒഴിവ് സ്ഥിരീകരിച്ചിട്ടില്ലാത്തതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു. നിലവിലും സീനിയർ

നിയമനം അംഗീകരിച്ച് ഒഴിവു സ്ഥിരീകരിച്ചിട്ടില്ല.

10. മേൽ സാഹചര്യത്തിൽ തകഴി ദേവസ്വം ബോർഡ് ഹയർ സെക്കൻഡറി സ്കൂളിലെ ഫുൾ ടൈം മീനിയൽ ആയുള്ള ശ്രീ.സായി ശ്യാം കെ.പി.യുടെ 04/10/2021 മുതലുള്ള നിയമനം ടി നിയമനത്തിന് ആധാരമായ ശ്രീ.ഹരിശങ്കർ പി.യുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ച് ഒഴിവ് സ്ഥിരീകരിക്കുന്ന മുറയ്ക്ക് നിലവിലുള്ള ഭിന്നശേഷി ഉത്തരവുകൾക്ക് വിധേയമായി പരിഗണിക്കാവുന്നതാണ്.

*B. ശ്രീ.കൃഷ്ണ ശർമ്മ ആർ.*

11. തകഴി ദേവസ്വം ബോർഡ് ഹയർ സെക്കൻഡറി സ്കൂളിലെ എഫ്.റ്റി.എം ആയിരുന്ന ശ്രീ.സായി ശ്യാം കെ.പി.യെ 20/06/2023 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകി ചങ്ങങ്കരി ഡി.ബി.യു.പി.എസ്.ലേക്ക് സ്ഥലംമാറ്റി നിയമിച്ച ഒഴിവിൽ ശ്രീ.കൃഷ്ണ ശർമ്മ ആർ.നെ 20/06/2023 മുതൽ തുടർച്ചയായി നിയമിച്ചു. എന്നാൽ പ്രസ്തുത നിയമനം ശ്രീ.സായി ശ്യാം ന്റെ എഫ്.റ്റി.എം തസ്തികയിലെ നിയമനം അംഗീകരിച്ച് ഒഴിവു സ്ഥിരീകരിച്ചിട്ടില്ല, കൂടാതെ ടിയാന്റെ ഓഫീസ് അറ്റൻഡന്റ് ആയുള്ള സ്ഥാനക്കയറ്റ നിയമനവും അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു.

12. ശ്രീ.സായി ശ്യാം കെ.പി.യുടെ എഫ്.റ്റി.എം നിയമനവും ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനവും അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ തകഴി ദേവസ്വം ബോർഡ് ഹയർ സെക്കന്ററി സ്കൂളിലെ എഫ്.റ്റി.എം ആയുള്ള ശ്രീ.കൃഷ്ണ ശർമ്മ ആർ.ന്റെ 20/06/2023 മുതലുള്ള നിയമനം പരിഗണിക്കാൻ കഴിയൂ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

13.. **സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.**

തകഴി ദേവസ്വം ബോർഡ് ഹയർ സെക്കൻഡറി സ്കൂളിലെ ഫുൾ ടൈം മീനിയൽ ആയുള്ള ശ്രീ.സായി ശ്യാം കെ.പി.യുടെ 04/10/2021 മുതലുള്ള നിയമനം ടി നിയമനത്തിന് ആധാരമായ ശ്രീ.ഹരിശങ്കർ പി.യുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ച് ഒഴിവ് സ്ഥിരീകരിക്കുന്ന മുറയ്ക്ക് നിലവിലുള്ള ഭിന്നശേഷി ഉത്തരവുകൾക്ക് വിധേയമായി അംഗീകരിവുന്നതാണെന്നും തുടർന്ന് ശ്രീ.സായി ശ്യാം കെ.പി.യുടെ എഫ്.റ്റി.എം നിയമനവും ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനവും അംഗീകരിക്കുന്ന മുറയ്ക്ക് തകഴി ദേവസ്വം ബോർഡ് ഹയർ സെക്കന്ററി സ്കൂളിലെ എഫ്.റ്റി.എം ആയുള്ള ശ്രീ.കൃഷ്ണ ശർമ്മ ആർ.ന്റെ 20/06/2023 മുതലുള്ള നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിവുന്നതാണെന്നുമുള്ള നിർദ്ദേശം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകി, അപ്രകാരം ശ്രീ.സായി ശ്യാം കെ.പി., ശ്രീ.കൃഷ്ണ ശർമ്മ ആർ. എന്നിവർ ഫയൽ ചെയ്ത യഥാക്രമം 10829/2025, 44007/2024 നമ്പർ റിട്ട് പെറ്റീഷനുകളിൽ 20.03.2025 തീയതിയിലെ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീ.സായി ശാം കെ.പി., കുട്ടപ്പള്ളി ഹൗസ്, കോട്ടയ്ക്കൽ പി.ഒ., മലപ്പുറം - 676 503

ശ്രീ.കൃഷ്ണശർമ്മ ആർ., ആറ്റൂർ മഠം, കെ.ആർ.എ. 40, കുറ്റിക്കാട് ലെയ്ൻ, കൈമനം പി.ഒ.,
തിരുവനന്തപുരം-695 018
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, ആലപ്പുഴ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുട്ടനാട്
സെക്രട്ടറി, ട്രാവൻകൂർ ദേവസ്വം ബോർഡ്, ദേവസ്വം ഹെഡ് ക്വാർട്ടേഴ്സ്, നന്ദൻകോട്,
തിരുവനന്തപുരം-695 003
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 09-06-2025 17:28:00